LIBRARY ARCHIVES Kerala Legislative Assembly

പള്ളിക്കുന്നേൽ പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി

52 (1719) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണിമല ആറ്റിൽനിന്നും വെള്ളം എടുത്ത് ശുദ്ധീകരിച്ച് പള്ളിക്കുന്നേൽ പഞ്ചായത്തിൽ വിതരണം ചെയ്യുന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ ;

(സി) ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അംഗീകാരം ലഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പള്ളിക്കത്തോട് (പള്ളിക്കുന്നേൽ അല്ല) പഞ്ചായത്തിലെ 29950 പേർക്ക് പ്രയോജനം നൽകുന്നവിധത്തിൽ മണിമലയും സമീപവില്ലേജുകളും രണ്ടാംഘട്ടം എന്ന പേരിൽ ഒരു ശുദ്ധജലവിതരണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മണിമല ആറ്റിൽ നിന്നും വെള്ളം ശേഖരിച്ച് ശുദ്ധീകരിച്ച് ചള്ളോലിക്കടുത്ത് ഒരു ഭൂതല ജലസംഭരണിയും ഉള്ളയത്ത് ഒരു ഉന്നതതല ജലസംഭരണിയും സ്ഥാപിച്ച് ശുദ്ധജലവിതരണം നടത്തുന്ന പ്രസ്തുത പദ്ധതിക്ക് 627 ലക്ഷം രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്ക് 8-11-1999-ൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) ഉദിക്കുന്നില്ല.

വാട്ടർ അതോറിറ്റി നൽകിയ കൺസൾട്ടൻസി

53 (1720) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുടിവെള്ള വിതരണത്തിനായി ഏതെങ്കിലും കൺസൾട്ടൻസിയെ സമീപിച്ചിട്ടുണ്ടോ ?

ഉത്തരം

കുടിവെള്ള വിതരണത്തിനായി കേരള വാട്ടർ അതോറിറ്റി ഒരു കൺസൾട്ടൻസിയെയും സമീപിച്ചിട്ടില്ല.

ഒ. ഇ. സി. എഫ്. പദ്ധതി

54 (1721) ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :